(ഇ) രജിസ്ട്രേഷൻ ഐ.ജി., പട്ടികയിൽനിന്ന് ഒഴിവാക്കിയ ആരോപണ വിധേയർ പട്ടികയിൽ കടന്നുകൂടുവാൻ ഇടയായതെങ്ങനെയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) അടുത്ത കാലത്തായി രജിസ്ട്രേഷൻ ഐ.ജി.-യെ സ്ഥലം മാറ്റുകയുണ്ടായോ ; കാരണം വ്യക്തമാക്കുമോ ?

## ഉത്തരം

(എ-ഡി) ഇല്ല.

(ഇ) ആരോപണ വിധേയർ പട്ടികയിൽ കടന്നു കൂടിയിട്ടില്ല.

(എഫ്) രജിസ്ട്രേഷൻ ഐ. ജി.-യുടെ അധികച്ചുമതല വഹിച്ചിരുന്ന ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-ന് കണ്ണൂർ ജില്ലാ കളക്ടർ ആയി നിയമനം ലഭിച്ചതിനാൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ അധികചുമതലയിൽ നിന്ന് അദ്ദേഹത്തെ വിടുതൽ ചെയ്യുകയുണ്ടായി.

## പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം

**260 (3123)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനംവഴി നേടാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനംവഴി ലഭ്യമാക്കുന്നത് ;

(ഡി) ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

## ഉത്തരം

(എ) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 72/2011/പൊ.മ.വ. തീയതി 3-12-2011 പ്രകാരം ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് & ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫീസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് സർക്കിൾ ഓഫീസുകളിൽ 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് ഇ-ടെണ്ടറിംഗ് നടത്തുന്നത്.

(ബി) പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെയും സുതാര്യയോടെയും വേഗത്തിൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയത്.

(സി) പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ വേഗത്തിൽ പൂർത്തിയാക്കുവാൻ ഇ-ടെണ്ടറിംഗ് സംവിധാനം വഴി സാധിക്കും. കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഡോക്യുമെന്റ്സ് വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും സാധിക്കും. ടെണ്ടറിൽ പങ്കെടുത്ത വ്യക്തികളുടെ വിവരങ്ങൾ ടെണ്ടർ തുറക്കുന്ന സമയം വരെ മറ്റുള്ളവർക്ക് അറിയാൻ സാധിക്കില്ല. ആയതിനാൽ ടെണ്ടറുകളിൽ കൂടുതൽ മത്സരക്ഷമത ഉറപ്പു വരുത്തുന്നു. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ സ്റ്റോർ ചെയ്യുകയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യും. ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമായി വളരെ വേഗത്തിൽ പൂർത്തിയാക്കുവാനും കഴിയും.

(ഡി) എൻ.ഐ.സി. വികസിപ്പിച്ച GEPNIC എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് ഐ.ടി. മിഷൻ ആണ്. ഇ-ടെണ്ടറിംഗ് സംവിധാനത്തിൽ കരാറുകാർ സമർപ്പിക്കേണ്ട ടെണ്ടർ സബ്മിഷൻ ഫീസ്, നിരതദ്രവ്യം മുതലായവ ഇ-പെയ്മെന്റ് സംവിധാനം വഴിയാക്കിയിട്ടുണ്ട്. ഇതിനുവേണ്ട സാങ്കേതിക സഹായം (പേയ്മെന്റ് ഗേറ്റ്‌വേ) നൽകുന്നത് എസ്.ബി.ടി. യാണ്. സംസ്ഥാന ട്രഷറി വകുപ്പും ധനവകുപ്പും ഐ.ടി വകുപ്പും ചേർന്നാണ് ഈ സംവിധാനത്തിന്റെ ഏകോപനം നിർവ്വഹിക്കുന്നത്.

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തന മികവ്

**261 (3124)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി ചെലവിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ ചെലവ് ചെയ്ത് പൊതുമരാമത്ത് വകുപ്പ് നേട്ടം കൈവരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര ശതമാനം ചെലവ് ചെയ്താണ് ഈ നേട്ടം കൈവരിക്കാനായത് ; വിശദാംശങ്ങൾ എന്തെല്ലാം ;